DESPATCHED
On 15/06/2020

17/03/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ AP. 1795(7)/2013/എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.4471/എസ്.ഐ.സി-ജി 6/13
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

അഡ്വ.ജോർജ് തോമസ്
കുന്നിൽ വിള, കറ്റാനം
ആലപ്പുഴ
പിൻ–690 503
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസ്
ഇരുമ്പുപാലം.പി.ഒ
ആലപ്പുഴ – 688 011

2. അപ്പീൽ അധികാരി
എറണാകുളം രജിസ്ട്രേഷൻ ഡെപ്യൂട്ടി
ഇൻസ്പെക്ടർജനറൽ ഓഫീസ്(ദക്ഷിണ മദ്ധ്യമേഖല)
എറണാകുളം കൊച്ചി–682 016
} എതിർകക്ഷികൾ

## ഉത്തരവ്

2013ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 6 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ടി ഓഫീസിൽ ലഭ്യമായ മറുപടി നൽകിയെന്നാണ്.



res

എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാൾ കളക്ടറേറ്റ്, ആലപ്പുഴ വച്ചു നടത്തിയ വീഡീയോ കോൺഫറൻസിൽ ഹാജരാകുവാൻ എസ്.പി.ഐ.ഒയ്ക്ക് നോട്ടീസ് നൽകുകയും ടിയാൻ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും, സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ടി ഓഫീസിൽ ലഭ്യമായ മറുപടി നൽകിയെന്നും റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിച്ച സമയത്ത് തന്നെ ഹർജിക്കാരനും നൽകിയെന്നുമാണ് ബോധിപ്പിച്ചത്. എന്നാൽ റിപ്പോർട്ട് ലഭ്യമല്ലെന്ന ഹർജിക്കാരന്റെ ആക്ഷേപം നിലനിൽക്കുന്നതിനാൽ 18.11.2019 ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് രജിസ്റ്റേർഡ് തപാലിൽ ഹർജിക്കാരന് അയച്ചുകൊടുക്കാൻ കമ്മീഷൻ നിർദ്ദേശം നൽകി.

മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**



res